# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.2086 — 08/03/2018-ൽ മറുപടിക്ക്

## പാറശ്ശാല നിയോജക മണ്ഡലത്തിൽ സ്മാർട്ട് മീറ്റർ

| | ചോദ്യം<br><br>**ശ്രീ.സി.കെ. ഹരീന്ദ്രൻ** | | ഉത്തരം<br><br>ശ്രീ. എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | പാറശ്ശാല നിയോജക മണ്ഡലത്തിൽ സ്മാർട്ട് മീറ്റർ സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | കേന്ദ്ര ഗവൺമെന്റിന്റെ ഐ.പി.ഡി.എസ് പദ്ധതി പ്രകാരം കേരളത്തിലെ 63 നഗരങ്ങളിൽ 200 യൂണിറ്റിനുമുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള ഉപഭോക്താക്കൾക്കാണ് നിലവിൽ സ്മാർട്ട് മീറ്റർ ഘടിപ്പിക്കാൻ വിഭാവനം ചെയ്തിരിക്കുന്നത്. ഐ.പി.ഡി.എസ് പദ്ധതി അനുവദിക്കപ്പെട്ട 63 നഗരങ്ങളിൽ പാറശ്ശാല ഉൾപ്പെട്ടിട്ടില്ല. എന്നാൽ ഘട്ടം ഘട്ടമായി 200 യൂണിറ്റിനുമുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ ഘടിപ്പിക്കാൻ കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിരിക്കുന്നതിനാൽ പാറശ്ശാല നിയോജക മണ്ഡലത്തിലെ പ്രസ്തുത വിഭാഗത്തിലെ ഉപഭോക്താക്കൾക്കും 2019-ന് മുൻപായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. |
| (ബി) | സ്മാർട്ട് മീറ്ററുകൾ ഘടിപ്പിക്കുന്നതുകൊണ്ട് ഉപഭോക്താക്കൾക്കുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ; | (ബി) | ഉപഭോക്താക്കൾക്ക് തങ്ങളുടെ വിശദമായ വൈദ്യുതി ഉപഭോഗ രീതി, സമയം എന്നിവ സ്മാർട്ട് മീറ്റർ മുഖേന ലഭിക്കുന്നു. ഇതുവഴി അവരുടെ വൈദ്യുതി ഉപഭോഗക്രമം നേരിട്ട് നിയന്ത്രിക്കാനുള്ള സംവിധാനം ലഭ്യമാക്കുന്നു. റ്റി.ഒ.ഡി താരിഫ് ഉള്ള ഉപഭോക്താക്കൾക്ക് പീക്ക് ഉപഭോഗവും മറ്റും നിയന്ത്രിച്ച്, വൈദ്യുതി ബില്ലിൽ കുറവു വരുത്താവുന്നതാണ്. കൂടാതെ മീറ്റർ റീഡിംഗ് റിമോട്ട് ആയി എടുക്കാം, ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായി ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം എന്ന പ്രത്യേകതകളും ഉണ്ട്. വൈദ്യുതി തടസ്സങ്ങൾ |

| | | | |
|---|---|---|---|
| | | | തൽസമയം തന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട്, വൈദ്യുതി പുനസ്ഥാപനത്തിനുള്ള നടപടികൾ കൈക്കൊള്ളാൻ കെ.എസ്.ഇ.ബി ഉദ്യോഗസ്ഥർക്ക് കഴിയും ഇപ്രകാരം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതു വഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചു കൊണ്ടുവരുന്നതിനും കെ.എസ്.ഇ. ബി ലക്ഷ്യമിടുന്നു. |
| (സി) | സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിലേക്കായി വൈദ്യുതി വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നും ഗാർഹിക ഉപഭോക്താക്കൾക്ക് ഇതിനായി നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും അറിയിക്കാമോ? | (സി) | എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുടക്കം എന്നുള്ള നിലയിൽ 5 പൈലറ്റ് പദ്ധതികൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നടപ്പാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.<br>കേന്ദ്ര ഗവൺമെന്റിന്റെ ഐ.പി.ഡി.എസ് പദ്ധതി പ്രകാരം 63 നഗരങ്ങളിൽ 200 യൂണിറ്റിനുമുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗം ഉള്ള 5 ലക്ഷത്തോളം ഉപഭോക്താക്കൾക്ക് സ്മാർട്ട് മീറ്ററുകൾ ഘടിപ്പിക്കുന്ന പദ്ധതി നടപ്പിലാക്കാൻ വേണ്ടി സമർപ്പിച്ച 241.41 കോടി രൂപയുടെ പദ്ധതി റിപ്പോർട്ടിന് 05.12.2017-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഇതിൽ 59.41 കോടി രൂപ കേന്ദ്ര സർക്കാരിൽ നിന്ന് ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെൻഡർ നടപടികൾ പുരോഗമിച്ച് വരുന്നു. ഗാർഹീക ഉപഭോക്താക്കളിൽ പ്രതിമാസം 200 യൂണിറ്റിനു മുകളിൽ ഉപഭോഗമുള്ള ഉപഭോക്താക്കൾക്കാണ് ആദ്യ ഘട്ടത്തിൽ സ്മാർട്ട് മീറ്റർ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ